ലക്കം 6

ജൂൺ 2025
പുസ്തകം 10

# ക്രിസ് വോയ്സ്

**തിരുപുറം സെന്റ് ഫ്രാൻസിസ് സേവ്യർ ഇടവക ബുള്ളറ്റിൻ**



## എഡിറ്റോറിയൽ ബോർഡ്

രക്ഷാധികാരി : റവ. ഫാ. ജിബിൻ രാജ്.
ചീഫ് എഡിറ്റർ : എസ്.ഒ.ഷാജികുമാർ
മാനേജിങ് എഡിറ്റർ : ബിബിൻ രാജ്

*എഡിറ്റേഴ്സ്*

സിസ്റ്റർ ലൗലി സിറിയക്ക്
അനൂപ് എ.സി.
അതുൽ പി.എസ്.
റോജിൻ ആർ.ബി.
അനൂപ് എസ്.എസ്.
എസ്. സുധ

*ലേഔട്ട് & ഡിസൈൻ*

അതുൽ പി.എസ്.




# *എഡിറ്റേഴ്സ് വോയ്സ്*

പ്രിയരെ,

ഒരു പുതിയ അധ്യയന വർഷം കൂടി ആഗതമായിരിക്കുന്നു.വിദ്യാഭ്യാസരംഗത്ത് വലിയ മാറ്റങ്ങൾ പ്രതീക്ഷിക്കുന്ന വർഷം കൂടിയാണ് വരുന്നത്. വിദേശ സർവകലാശാലകൾക്ക് നമ്മുടെ സംസ്ഥാനത്തും കടന്ന് വരാൻ വാതായനങ്ങൾ തുറന്ന് കഴിഞ്ഞു. ഡിഗ്രി സംവിധാനം തന്നെ പൊളിച്ചെഴുതപ്പെട്ടു. നെയ്യാറ്റിൻകര രൂപതയും മെഡിക്കൽ എ. ഐ.വിവര സാങ്കേതിക രംഗങ്ങൾ കാർഷിക മൃഗ സംരക്ഷണമുൾപ്പടെയുള്ള മേഖലകളിൽ പുതിയ ഉന്നത കോഴ്സുകൾ ആരംഭിക്കാനുള്ള നയപരമായ നീക്കങ്ങൾ തുടങ്ങേണ്ട സമയം അതിക്രമിച്ചിരിക്കുന്നു.അതിനുള്ള പരിശ്രമങ്ങൾ സഭാ നേതൃത്വത്തിൽ നിന്ന് ഉണ്ടാകാൻ നമുക്ക് കൂട്ടായി പരിശ്രമിക്കാം. ഒപ്പം പുതിയ അധ്യയന വർഷത്തിലേക്ക് പ്രവേശിക്കുന്ന എല്ലാ വിദ്യാർത്ഥികൾക്കും പ്രത്യാശാനിർഭരമായ ഒരു വിദ്യാഭ്യാസ വർഷം ക്രിസ്
വോയിസ് ആശംസിക്കുന്നു.

**ചീഫ് എഡിറ്റർ**


# താളുകൾ മറിക്കുമ്പോൾ


| NO | ഉള്ളടക്കം | പേജ് നമ്പർ |
|---|---|---|
| 1 | ഇടയസ്വരം | 4 |
| 2 | Jesus Loves Me | 4 |
| 3 | ക്രിസ് വോയ്സ് ക്വിസ് | 5 |
| 4 | ക്രിസ് വോയ്സ് ഉത്തരങ്ങൾ | 7 |
| 5 | കുടുംബയോഗങ്ങൾ | 9 |
| 6 | വരി തന്നവർ | 10 |
| 7 | വരവ് ചെലവ് | 11 |
| 8 | ക്രിസ് വോയ്സ് വിജയികൾ | 13 |
| 9 | കരുതലിന്റെ നിറവിൽ | 13 |




രാജകുമാരി ഞാങ്ങണ ചെടികളുടെ ഇടയിൽ ആ പേടകം കണ്ടു. ഒരു ദാസിയെ അയച്ച് അവൾ അതെടുപ്പിച്ചു (പുറ 2:5)

എയ്ഞ്ചൽ മരിയ
പള്ളിമന



# ഇടയസ്വരം



**ഇടവക വികാരി**
**റവ. ഫാ. ജിബിൻ രാജ്.**

അവധിക്കാലം അവിസ്മരണീയമാക്കി പുതിയ അധ്യായന വർഷത്തിലേക്ക് കുരുന്നുകൾ കാലെടുത്തു വയ്ക്കുമ്പോൾ അറിവും ആത്മീയതയും ഒരു നാണയത്തിന്റെ ഇരുവശങ്ങളാണെന്ന തിരിച്ചറിവുണ്ടാകട്ടെ. ദൈവമാണ് എല്ലാ അറിവിൻറെയും ഉറവിടം. അവൻ അയക്കുന്ന പരിശുദ്ധാത്മാവ് നമ്മിൽ വരുമ്പോൾ എല്ലാ കാര്യങ്ങളും ആ സഹായകൻ പഠിപ്പിക്കുമെന്ന ക്രിസ്തു വാഗ്ദാനം നമുക്ക് ഓർക്കാം. ദൈവഭക്തിയില്ലാത്ത അറിവ് മനുഷ്യകുലത്തെ നശിപ്പിക്കും. മാരകമായ യുദ്ധവെറിക്കും മാത്സര്യത്തിനും കാരണം ദൈവത്തെ കൂട്ടാതെയുള്ള അറിവ് നേടലാണ്. ദൈവത്തെ മുൻനിർത്തി അറിവ് സമ്പാദിക്കുവാനും അത് മാനവരാശിക്ക് പ്രയോജനമാം വിധം ഉപയോഗപ്പെടുത്തുവാനും ഈ അധ്യായന വർഷത്തിലേക്ക് കടക്കുന്ന എല്ലാ കുഞ്ഞുമക്കൾക്കും കഴിയട്ടെ എന്ന് കർത്താവിനോട് പ്രാർത്ഥിക്കുന്നു.

# *Jesus Loves Me*



**കവിത രഘു**
**പുന്നയ്ക്കാവിള**

ആണിപ്പഴുതേറ്റ കരങ്ങളിൽ നാഥാ
എൻ വിരലാലൊന്നു തൊട്ടിടട്ടെ
	മുള്ളാണി തറഞ്ഞൊരാ ശിരസ്സിലായ് നാഥാ
	എൻ വിരലാലൊന്നു ഞാൻ തഴുകിടട്ടെ
ചോരയൊഴുകിയ തിരുമാറിലായി നാഥാ
എൻ ശിരസ്സൊന്നു ഞാൻ വച്ചിടട്ടെ
	കാരിരുംബാണി തറച്ചൊരാ പാദത്തിലൊന്നായി നാഥാ
	എൻ മിഴിനീർത്തുള്ളി വീഴ്ത്തിടട്ടെ

ചാട്ടവാറടിയേറ്റമേനിയിൽ നാഥാ
എൻ കൊച്ചു ജീവിതമേകിടട്ടെ
കുരിശു ചുമന്നൊരാ തിരുത്തോളിലായെൻ നാഥാ
എൻ ജീവിത ഭാരം ഞാനേകിടട്ടെ
എൻ പദയാത്ര തന്നന്ത്യത്തിലെത്താൻ നാഥാ
കാൽവരിക്കീഴിൽ ഞാനെത്തിടട്ടെ
നിന്ദനമേറ്റ വലഞ്ഞൊരാശ്രവണിയിലായ് നാഥാ
നിൻകൊച്ചു സ്തുതികൾ ഞാനേകിടട്ടെ
നിൻ കുഞ്ഞുവിരൽത്തുമ്പിൽ തൂങ്ങി ഞാൻ നാഥാ
സ്വർഗ്ഗീയ ഭവനത്തിലായെത്തിടട്ടെ

# ക്രിസ് വോയ്സ് ക്വിസ്സ് 2025

ടെസ്റ്റ് പേപ്പർ : 7

## വ്യവസ്ഥകൾ

1) ജൂൺ 22 ഞായറാഴ്ച വൈകുന്നേരം 7:00 PMന് മുമ്പായി പാരിഷ്ഹാളിന്റെ ലെറ്റർ ബോക്സിൽ നിക്ഷേപിക്കുകയോ ഇടവകവികാരിയെ ഏൽപ്പിക്കുകയോ ചെയ്യുക

2) ഒന്ന്,രണ്ട് സ്ഥാനക്കാർക്ക്) സമ്മാനങ്ങൾ നൽകുന്നു (ഒന്നിലധികം പേർ ഒരേ മാർക്കിൽ വന്നാൽ നറുക്കെടുപ്പിലൂടെ വിജയികളെ പ്രഖ്യാപിക്കുന്നതാണ്)

3) ഒരു ഭവനത്തിൽ നിന്ന് ഒരാൾ മാത്രമേ മത്സരിക്കാവു

## *വി. ലൂക്ക 17 – 24, ബൈബിൾ*

1. എമ്മാവൂസ് വിവരണത്തിൽ യേശു അപ്പം എടുത്ത് ആശിർവദിച്ച് മുറിച്ച് ശിഷ്യന്മാർക്ക് കൊടുത്തപ്പോൾ എന്ത് സംഭവിച്ചു ?
2. ലോത്ത് സോദോമിൽ നിന്ന് ഓടിപോയ ദിവസം എന്ത് സംഭവിച്ചു ?
3. ന്യായാധിപ സംഘത്തിലെ എല്ലാവരും കൂടെ യേശുവിനോട് ചോദിച്ചതെന്താണ് ?
4. അവൻ തിടുക്കത്തിൽ ഇറങ്ങി ചെന്ന് സന്തോഷത്തോടെ അവനെ സ്വീകരിച്ചു. ആര് ആരെ സ്വീകരിച്ചു ?
5. യേശുവിന്റെ നാമത്തെപ്രതി രാജാക്കന്മാരുടെയും ദേശാധിപതികളുടെയും മുമ്പിൽ നിങ്ങളെ കൊണ്ടുപോകുമ്പോൾ നിങ്ങൾ ആ അവസരത്തെ എങ്ങനെയാണ് പ്രയോജനപ്പെടുത്തേണ്ടത് ?
6. പുളിപ്പില്ലാത്ത അപ്പത്തിന്റെ ദിനത്തിൽ യഹൂദർ എന്തിനെയാണ് ബലിയർപ്പിച്ചിരുന്നത് ?
7. കല്പിക്കപ്പെട്ടവയെല്ലാം ചെയ്തശേഷം എന്താണ് നിങ്ങൾ പറയേണ്ടത് ?
8. അവൻ നിയമലംഘകരോടുകൂടെ എണ്ണപ്പെട്ടു. ഈ പ്രവചനം പഴയ നിയമത്തിലെ ഏതു പുസ്തകത്തിൽ നിന്നാണ് ?
9. യേശുവേ, ഗുരോ ഞങ്ങളിൽ കനിയണമേയെന്ന് 10 കുഷ്ഠരോഗികൾ സ്വരമുയർ

10. കർത്താവിന്റെ നാമത്തിൽ വരുന്ന രാജാവ് അനുഗ്രഹീതൻ എന്ന് രേഖപ്പെടുത്തിയിരിക്കുന്ന പഴയനിയമ ഭാഗം ?
11. യേശുവിന്റെ തലയ്ക്ക് മീതെ ഉണ്ടായിരുന്ന ലിഖിതം എന്തായിരുന്നു?
12. മനുഷ്യപുത്രന്റെ ആഗമനം എന്തു പോലെ ആയിരിക്കും എന്നാണ് യേശു പറഞ്ഞത്?
13. എന്നാൽ അവ ഇപ്പോൾ നിന്റെ ദൃഷ്ടിയിൽ നിന്ന് മറയ്ക്കപ്പെട്ടിരിക്കുന്നു ഏവയെന്ന് കണ്ടുപിടിക്കുക
14. ‘ ഇവൻ പാപിയുടെ വീട്ടിൽ അതിഥിയായി താമസിക്കുന്നല്ലോ ‘ ഈശോ ഏത് പാപിയുടെ വീട്ടിലാണ് ആതിഥ്യം സ്വീകരിച്ചത്
15. ‘ അവൻ എന്തു തിന്മ പ്രവർത്തിച്ചു‘ എന്ന് പീലാത്തോസ് എത്ര തവണ ചോദിച്ചു?
16. ഉത്ഥിതനായ യേശു തന്നെക്കുറിച്ച് എവിടെയെല്ലാം എഴുതപ്പെട്ടത് പൂർത്തിയാകേണ്ടിയിരിക്കുന്നു എന്നാണ് പഠിപ്പിച്ചത്?
17. ആലോചന സംഘത്തിലെ നല്ലവനും നീതിമാനും ആയിരുന്ന അംഗം ആരാണ്?
18. 10 നാണയത്തിന്റെ ഉപമ പറഞ്ഞ യേശു നൽകുന്ന സന്ദേശം എന്താണ്?
19. ‘പെസഹാ ഭക്ഷിക്കേണ്ടതിന് ഒരുക്കങ്ങൾ ചെയ്യുവിൻ‘ എന്ന പറഞ്ഞു യേശു അയച്ചത് ആരെയൊക്കെയാണ് ?
20. ചെറിയവരിൽ ഒരുവന് ദുഷ്പ്രേരണ നൽകുന്നതിനേക്കാൾ നല്ലത് എന്താണ്?
21. ‘ എഴുന്നേറ്റ് പൊയ്ക്കൊള്ളുക നിന്റെ വിശ്വാസം നിന്നെ രക്ഷിച്ചിരിക്കുന്നു‘ ആര് ആരോട് പറഞ്ഞു?
22. ‘ അത്തിമരം തളിർക്കുമ്പോൾ വേനൽക്കാലം അടുത്തിരിക്കുന്നു‘ എന്ന വചനത്തിലൂടെ യേശു പഠിപ്പിച്ച സന്ദേശം എന്താണ്?
23. അത്താഴത്തിനുശേഷം പാനപാത്രം എടുത്ത് യേശു അരുളി ചെയ്ത വചനമെന്ത്?
24. നിയമജ്ഞർക്കും പ്രധാന പുരോഹിതന്മാർക്കും എതിരായി യേശു അരുളിചെയ്ത് ഉപമയേത്?
25. 10 കുഷ്ഠരോഗികൾ യേശുവിൽ നിന്ന് രോഗവിമുക്തി പ്രാപിച്ചത് എപ്പോൾ?
26. യേശു തന്റെ മൂന്നാം പീഡാനുഭവ പ്രവചനം ആരോടാണ് അരുളി ചെയ്ത ?
27. ‘അവന്റെ നാവിൽ നിന്ന് തന്നെ നാം അത് കേട്ട് കഴിഞ്ഞു‘ ന്യായധിപസംഘം ഇപ്രകാരം പ്രസ്താവിച്ചത് യേശു എന്ത് വെളിപ്പെടുത്തിയപ്പോഴാണ്?
28. ‘ ഞാൻ ദൈവത്തെ ഭയപ്പെടുകയോ മനുഷ്യരെ മാനിക്കുകയോ ചെയ്യുന്നില്ല‘ എന്നു ചിന്തിച്ചതാര്?
29. ‘ ഗുരു, നീ ശരിയായി സംസാരിക്കുന്നു‘ എന്ന് പറഞ്ഞതാര്?
30. ‘ നഷ്ടപ്പെട്ടുപോയതിനെ കണ്ടെത്തി രക്ഷിക്കാനാണ് മനുഷ്യപുത്രൻ വന്നിരിക്കുന്നത്‘ ഈ വചനം യേശു എവിടെ വച്ചാണ് പറഞ്ഞത്?
31. ‘ ഇതൊക്കെ സംഭവിച്ചിട്ട് ഇത് മൂന്നാം ദിവസമാണ്‘ ഇത് പറഞ്ഞതാര്? മൂന്നാം ദിവസം ഏത് ദിവസമാണ്?
32. എപ്പോൾ യേശുവിനെ ഒറ്റികൊടുക്കാമെന്നാണ് യൂദാസ് അവസരം പാർത്തിരുന്നത് ?
33. യുഗാന്ത്യത്തിൽ മനുഷ്യമനസ്സിനെ ദുർബലമാക്കുന്ന മൂന്ന് തിന്മകൾ ഏവ?
34. ‘ നിന്റെ കൂടെ കാരാഗൃഹത്തിലേക്ക് പോകാനും മരിക്കാൻ തന്നെയും ഞാൻ തയ്യാറാണ്‘ ആര് ആരോട് പറഞ്ഞു?
35. യേശു അരുളി ചെയ്ത ന്യായാധിപതിയും വിധവയുടെ ഉപമ വ്യക്തമാക്കുന്ന പ്രമേയം എന്ത്?
36. ആ ദിവസങ്ങളിൽ ജറുസലേമിൽ വന്ന ഹേറോദേസിന്റെ അടുക്കലേക്ക്

പീലാത്തോസ് യേശുവിനെ അയ്ക്കാൻ കാരണമെന്ത്?
37. യേശുവിന്റെ കല്ലറയിങ്കലെ തിളങ്ങുന്ന വസ്ത്രധാരികളായ രണ്ടുപേർ യേശു ഗലീലിയിലായിരുന്നപ്പോൾ പറഞ്ഞതായി അറിയിച്ചത് എന്ത്?
38. 'ഗുരോ നിന്റെ ശിഷ്യന്മാരെ ശാസിക്കുക' എന്ന് ഫരിസേയർ പറഞ്ഞപ്പോൾ യേശു എന്താണ് പ്രതിവചിച്ചത്?
39. ' അവൻ പുറത്തുപോയി മനംനൊന്ത് കരഞ്ഞു' ആര്?
40. തങ്ങൾ നീതിമാൻമാരാണ് എന്ന ധാരണയിൽ തങ്ങളിൽ തന്നെ ആശ്രയിക്കുകയും മറ്റുള്ളവരെ പുച്ഛിക്കുകയും ചെയ്യുന്നവരോട് യേശു പറഞ്ഞ ഉപമ ഏത്?
41. ————ലും ഉറച്ചു നിൽക്കുന്നതിലൂടെ നിങ്ങളുടെ ജീവനെ നിങ്ങൾ നേടും?
42. ' നിങ്ങൾ ശ്രദ്ധയുള്ളവർ ആയിരിക്കുവിൻ' എന്ന യേശുവിന്റെ ഉപദേശം എന്നതിനെക്കുറിച്ചാണ് ?
43. ' ഞാൻ നിന്റെ ശത്രുക്കളെ നിനക്കു പാദ പീഠമാക്കുവോളം നീ എന്റെ വലതു ഭാഗത്ത് ഇരിക്കുക' ഈ വചനം പഴയ നിയമത്തിലെ ഏത് പുസ്തകത്തിൽ?
44. പൂരിപ്പിക്കുക : അവിടുത്തേക്ക് എല്ലാവരും————?
45. പുരോഹിത പ്രമുഖന്മാരും നിയമജ്ഞരും ജനപ്രമാണികളും യേശുവിനെ നശിപ്പിക്കാൻ മാർഗ്ഗം അന്വേഷിച്ചുകൊണ്ടിരുന്നെങ്കിലും അവർക്ക് ഒന്നും ചെയ്യാൻ കഴിയാത്തത് എന്തുകൊണ്ട്?
46. മരിച്ചവർക്ക് വേണ്ടി പ്രാർത്ഥിക്കുകയും പാപപരിഹാര ബലി അർപ്പിക്കുകയും ചെയ്യുന്ന പതിവുണ്ടായിരുന്നതായി സൂചന നൽകുന്ന ബൈബിളിലെ പുസ്തകം?
47. നീതിമാൻ എന്തിന് ക്ലേശങ്ങൾ സഹിക്കണം എന്ന സങ്കീർണമായ പ്രശ്നം അപഗ്രഹിച്ച് പരിഹാരം കാണാനുള്ള ശ്രമം നടത്തുന്ന ബൈബിളിലെ പുസ്തകം
48. പ്രവാചക ദൗത്യം നിറവേറ്റിയതിന്റെ പേരിൽ ശാരീരികമായും മാനസികമായും വളരെയേറെ ക്ലേശങ്ങൾ സഹിച്ച വ്യക്തിയാണ് ————
49. ശിക്ഷയുടെയും രക്ഷയുടെയും സന്ദേശം വളരെയേറെ പ്രതീകാത്മക പ്രവർത്തനങ്ങളിലൂടെ വ്യക്തമാക്കുന്ന പ്രവാചകൻ?
50. ജനത്തിന്റെ അവിശ്വസ്തതയും അകൃത്യങ്ങളും മറന്നു അവരെ തന്റെ സ്നേഹത്തിലേക്ക് തിരിച്ചുകൊണ്ടുവരുന്ന ദൈവത്തിന്റെ അനന്തമായ കാരുണ്യത്തിന്റെ പ്രഘോഷണം നടത്തുന്ന ബൈബിളിലെ പുസ്തകം?

# ക്രിസ് വോയ്സ് ക്വിസ്
# ടെസ്റ്റ് പേപ്പർ 6–ന്റെ ഉത്തരങ്ങൾ

1. ഫിനെഹാസ് (45:23)
2. ആദം (49:16)
3. സോളമൻ (47:13)
4. മാസങ്ങൾക്ക് (43:8)
5. പാപികളുടെ സന്താനങ്ങളുടെ (41:6)
6. അഹറോൻ (45:8)
7. ഏലിയ (48:10)
8. അഹറോന്റെ പുത്രന്മാർ (50:16)
9. എല്ലാ കഴിവും  ഉപയോഗിച്ച് (43:30)
10. സത്കീർത്തി (41:12)
11. അബ്രഹാം  (44:21)

12. ഏലിയ (48:4)
13. ശിമയോൻ (50:20)
14. ജോഷ്വാ (46:7)
15. ജോഷ്വാ (46:6)
16. കാലത്തിന്റെ സൂചനകൾ (42:18)
17. മരണത്തെപ്പറ്റി (41:1)
18. സ്ത്രീകളുടെ (42:12)
19. മോശ (45:1)
20. ഉച്ചഘോഷം മുഴക്കി (50:16)
21. ഹെനോക്ക് (49:14)
22. അഹറോൻ (45:7)
23. അതിന്റെ സ്രഷ്ടാവിനെ സ്തുതിക്കുവിൻ (43:11)
24. മുൻകാല ജീവിതത്തെയും ജീവിതാന്തത്തെയും (41:3)
25. ഫിനെഹാസ് (45:23)
26. പ്രധാന പുരോഹിതൻ ശിമയോൻ (50:10)
27. ദാവീദ് (47:2)
28. നോഹ (44:18)
29. നിഗൂഢ രഹസ്യങ്ങൾ (42:19)
30. പാപികളുടെ (41:11)
31. മോശയെ (45:5)
32. ജോഷ്വ (46:1)
33. ഏലിയ (48.5)
34. സ്വർഗം (43:1)
35. വിഡ്ഢിത്തം മറച്ചു വയ്ക്കുന്നവൻ (41:16)
36. സൂര്യൻ (42:16)
37. ഹെനോക്ക് (44:16)
38. cancelled
39. ദാവീദ് (47:6)
40. പ്രധാന പുരോഹിതൻ ശിമയോൻ (50:1)
41. സാമൂവൽ (46:20)
42. മൂടൽമഞ്ഞ് (43:22)
43. യാക്കോബ് (44:23)
44. അനേകർ ഉള്ളിടത്ത് (42:6)
45. സോളമൻ (47:16)
46. കർത്താവിനോട് ചോദിച്ചു വാങ്ങിയവൻ
47. സമാധാനം
48. പ്രിയപ്പെട്ടവൻ
49. വെള്ളത്തിൽ നിന്നും എടുക്കപ്പെട്ടവൻ
50. അവൻ കേട്ടു

# ജൂൺ മാസത്തെ കുടുംബയോഗങ്ങൾ

| NO | യൂണിറ്റ് | ദിവസം | സമയം | ഭവനം |
|---|---|---|---|---|
| 1 | താഴയ്ക്കാമണ്ണടി | 14/06/2025<br>29/06/2025 | 6 : 00 PM<br>6 : 00 PM | ഗ്രേസി<br>സൈമൺ |
| 2 | ചില്ലിൻവിള | 01/06/2025<br>22/06/2025 | 6 : 00 PM<br>6 : 30 PM | സുരേഷ്<br>ശശി |
| 3 | വലിയവിള | 01/06/2025<br>21/06/2025 | 5 : 30 PM<br>5 : 30 PM | ഫ്രാൻസിസ്<br>അജിത |
| 4 | പ്ലാന്തോട്ടം | 08/06/2025<br>15/06/2025 | 6 : 00 PM<br>6 : 00 PM | രമ<br>വിൻസെന്റ് |
| 5 | മോന്തിവിള | 15/06/2025<br>29/06/2025 | 6 : 30 PM<br>6 : 30 PM | വത്സല<br>ശിമയോൻ |
| 6 | കാരയ്ക്കാവിള | 08/06/2025<br>22/06/2025 | 5 : 00 PM<br>5 : 00 PM | ക്രിസ്തുദാസ്<br>സജി |
| 7 | പണ്ടാരത്തോട്ടം | 14/06/2025<br>29/06/2025 | 6 : 00 PM<br>6 : 00 PM | സരസൻ<br>ജിജി |
| 8 | മണ്ണക്കല്ല് | 14/06/2025<br>29/06/2025 | 6 : 30 PM<br>6 : 30 PM | അപ്പു<br>ജോർജ് |
| 9 | പുത്തൻകട | 08/06/2025<br>22/06/2025 | 6 : 00 PM<br>6 : 00 PM | ക്രിസ്തുദാസ്<br>ത്രേസ്യ |
| 10 | മുടന്താന്നി | 14/06/2025<br>28/06/2025 | 6 : 00 PM<br>6 : 00 PM | വർഗ്ഗീസ്<br>വിജയൻ |
| 11 | മണലിക്കടവ് | 14/06/2025<br>29/06/2025 | 6 : 00 PM<br>6 : 00 PM | ക്രിസ്തുദാസ്<br>വത്സല |
| 12 | മലഞ്ചരിക് | 08/06/2025<br>29/06/2025 | 6 : 00 PM<br>6 : 00 PM | അനീഷ്<br>ബിജുകുമാർ |
| 13 | പഴയകട | 01/06/2025<br>15/06/2025 | 6 : 00 PM<br>6 : 00 PM | ജോസ് മേരി<br>ക്രിസ്തുരാജൻ |
| 14 | പട്ട്യക്കാല | 08/06/2025<br>22/06/2025 | 6 : 00 PM<br>6 : 00 PM | ബാബു<br>സൈമേൺ |
| 15 | കുളങ്ങരവിള | 13/06/2025<br>28/06/2025 | 6 : 00 PM<br>6 : 00 PM | ബിനുകുമാർ<br>സരസൻ |

| | | | | |
|---|---|---|---|---|
| 16 | പള്ളിമന | 08/06/2025<br>22/06/2025 | 6 : 00 PM<br>6 : 00 PM | ബൻസിഗർ<br>റോബി |
| 17 | കടവിള | 08/06/2025<br>29/06/2025 | 6 : 00 PM<br>6 : 00 PM | ബിജു<br>സെൽവരാജൻ |
| 18 | പുന്നയ്ക്കാവിള | 08/06/2025<br>22/06/2025 | 6 : 00 PM<br>6 : 00 PM | വിജയകുമാർ<br>സേവ്യർ |

**പള്ളിമന ബി.സി.സി. യൂണിറ്റ് വാർഷികം 29/06/2025 ശ്രീ രാജുവിന്റെ ഭവനത്തിൽ വച്ച് നടത്തപ്പെടുന്നു**

# 2025 ഏപ്രിൽ വരിതന്നവരുടെ പേരുവിവരം

| | | |
|---|---|---|
| 1 | സുരേഷ് ജെ., പുന്നയ്ക്കാവിള | 500 |
| 2 | അരുൺ എസ്., കടവിള | 2000 |
| 3 | വിൻസെന്റ്, മണലിക്കടവ് | 300 |
| 4 | സിബി ടി.എസ്., കുളങ്ങരവിള | 150 |
| 5 | അനൂപ് എ.സി., കടവിള | 100 |
| 6 | കൃഷ്ണൻ നാടാർ, മണലിക്കടവ് | 370 |
| 7 | ബിനിൽകുമാർ. കുളങ്ങരവിള | 500 |
| 8 | ശ്രീകുമാർ, താഴയ്ക്കാമണ്ണടി | 300 |
| 9 | അനിൽകുമാർ എസ്.എൽ., മണലിക്കടവ് | 100 |
| 10 | അനീഷ് കുമാർ എസ്.എൽ., താഴെയ്ക്കാമണ്ണടി | 100 |
| 11 | സുജൻ, മലഞ്ചെരിക് | 1500 |
| 12 | പ്രദീപ്, മണക്കല്ല് | 100 |
| 13 | ഷൈജുകുമാർ വി.എഫ്., പുത്തൻകട | 9000 |
| 14 | വിജിൽ കുമാർ വി.വി., പുത്തൻകട | 1750 |
| 15 | അജി, പണ്ടാരത്തോട്ടം | 4800 |
| 16 | മധു, പുന്നയ്ക്കാവിള | 300 |
| 17 | ചെല്ലക്കുട്ടൻ, ചില്ലിൻവിള | 1000 |
| 18 | ശോഭന, മണ്ണക്കല്ല് | 500 |
| 19 | ഷൈജുകുമാർ വി.എഫ്., പുത്തൻകട | 3000 |
| 20 | സജികുമാർ വി.എസ്., മലഞ്ചരിക് | 5000 |
| 21 | ജോൺറോസ്, മണ്ണക്കല്ല് | 1000 |
| 22 | ജോയ് ടി.എസ്., മോന്തിവിള | 1000 |
| 23 | വിജീഷ്ജിത്ത്, മോന്തിവിള | 500 |
| 24 | രാജൻ, മോന്തിവിള | 250 |
| 25 | രാമകൃഷ്ണൻ, മോന്തിവിള | 100 |
| 26 | അനിൽ, മോന്തിവിള | 200 |
| 27 | ലില്ലിപുഷ്പം, മോന്തിവിള | 100 |
| 28 | സജി, മോന്തിവിള | 100 |
| 29 | അജി എച്ച്., മോന്തിവിള | 100 |
| 30 | ജിനു, പണ്ടാരത്തോട്ടം | 9000 |
| 31 | അനിൽകുമാർ ജി.എച്ച്., കുളങ്ങര വിള | 1500 |
| 32 | ജോസ് പി.ആർ., മുടന്താനി | 800 |
| | | 46020 |

| | | |
|---|---|---|
| തൻമാസ വരവ് | 220523 | |
| മുൻമാസ നീക്കിയിരിപ്പ് | 70684 | |
| ആകെ | 291207 | |
| തൻമാസ ചെലവ് | | 211749 |
| ആകെ നീക്കിയിരിപ്പ് | 79458 | |

# ക്രിസ് വോയ്സ് ക്വിസ് ടെസ്റ്റ് പേപ്പർ 6–ൽ ഒന്നും,രണ്ടും സ്ഥാനങ്ങൾ നേടിയവർ

**ഒന്നാം സ്ഥാനം നേടിയവർ**

ജ്യോത്സന ജെ.എൽ.
ഷീജാബെറ്റി
രാജി എ.എസ്.
ലില്ലി കെ.

**രണ്ടാം സ്ഥാനം നേടിയവർ**

രമണി റോസ്
ബീന ഷാജി
ഷീബ റാണി
സരിത ഓ.



# കരുതലിന്റെ നിറവിൽ

**അനൂപ് എ സി**
**കടവിള**

എല്ലാരും എന്നെ മാറ്റി നിർത്തിയപ്പോളും
ആരാലും ഞാൻ തള്ളപ്പെട്ടപ്പോളും
എന്റെ പ്രിയ സ്നേഹിതൻ എന്നരികിൽ
മാറോടു ചേർക്കുവാൻ ഓടിയെത്തി
എന്റെ ദു:ഖകണ്ണീർ തുടച്ചുകൊണ്ട്
കൈവിടില്ലെന്നൊരു വാക്കുതന്നു
അരികത്തായി സാന്ത്വനം തന്നുകൊണ്ട്
എൻപ്രിയ സ്നേഹിതൻ കൂടെ നിന്നു
ശത്രുതൻ മാറ്റൊലി കൂടിയപ്പോൾ
എന്നെ തകർക്കുവാൻ ഭാവിച്ചപ്പോൾ
രക്ഷതൻ കുടക്കീഴിൽ ചേർത്തുനിർത്തി
എന്നെ കരുതിയ എന്റെ പ്രിയൻ
എന്റെ സന്തോഷത്തിൽ എന്നരികിൽ
എന്റെ ദുഖത്തിലും എന്നരികിൽ
ഞാനെന്തെന്നു എന്നോടു ചൊല്ലിത്തന്ന
കർത്തനാം യേശുവേ സ്തുതി നിനക്ക് ......



വിശുദ്ധ ഫ്രാൻസിസ് ഇടവകയിലെ മതബോധന യൂണിറ്റ് നടത്തിയ വാർഷികാഘോഷം





പണ്ടാരത്തോട്ടം വേളാങ്കണ്ണി മാതാ കുരിശ്ശടി ബഹുമാനപ്പെട്ട വിൻസെന്റ് സാമുവൽ പിതാവ് ഉദ്ഘാടനം നിർവഹിക്കുകയും, റവ. ഫാ . അനുരാജ് കുരിശ്ശടിയിൽ പ്രഥമ ദിവ്യബലി അർപ്പിച്ചപ്പോൾ. റവ. ഫാ. ജറാൾഡ് ത്യാസ്, റവ. ഫാ. ജിബിൻ രാജ് എന്നിവർ സമീപം.







അന്താരാഷ്ട്ര മാതൃദിനത്തിന്റെ ഭാഗമായി നമ്മുടെ ഇടവകയിൽ മൂന്നിൽ കൂടുതൽ മക്കൾ ഉള്ള ശ്രീമതി അംബിക, ശ്രീമതി ജാനറ്റ് , ശ്രീമതി സിസിലി എന്നിവരെ ഇടവക സാമൂഹിക ശുശ്രൂഷ സമിതിയുടെ നേതൃത്വത്തിൽ ഇടവക വികാരി റവ. ഫാ. ജിബിൻ രാജ് ആദരിച്ചപ്പോൾ.

കാരയ്ക്കാവിള ബി.സി.സി. യൂണിറ്റിലെ നവദമ്പതികളായ ദിനു വിജയ്, ബിൻസി എന്നിവർ നിർധനരായ കുട്ടികളുടെ വിവാഹത്തിന് നൽകാൻ സ്വർണ്ണം നൽകി. ഇടവകയുടെ പേരിലുള്ള നന്ദിയും പ്രാർത്ഥനാശംസകളും നേരുന്നു.



നിസ്വാർത്ഥമായ സേവനത്തിലൂടെ ഇടവക മക്കൾക്ക് കൂട്ടാവുകയും, പുതുതലമുറയ്ക്ക് വിശ്വാസ പരിശീലനം നൽകുകയും ചെയ്ത സി. അൽഫോൻസായ്ക്ക് ഇടവകകുടുംബം നൽകിയ യാത്രയയപ്പ്.



സെന്റ് വിൻസെന്റ് ഡി പോൾ സൊസൈറ്റി തിരുപുറം കോൺഫറൻസ് സംഘടിപ്പിച്ച മെഡിക്കൽ ക്യാമ്പ്.



വളരെ ചുരുങ്ങിയ കാലയളവിൽ ഇടവകയിലെ സാമൂഹിക ശുശ്രൂഷ മേഖലയിലും, ലിറ്റിൽ വേയിലും പ്രവർത്തിച്ചു കണ്ണൂരിലേക്ക് സ്ഥലം മാറി പോകുന്ന സിസ്റ്റർ ധന്യയ്ക്ക് ഇടവക കുടുംബം നൽകിയ യാത്രയയപ്പ്

ഗവ. ജോലിക്ക് ഗവ. അംഗീകൃത

# കോഴ്സുകൾ

**PGDCA, DCA, Data Entry, DTP, CTTC, Web Designing, Auto CAD, Accounting, SAP, Digital Marketing**



**Cybo TECH COMPUTERS**

ബസ് സ്റ്റാൻഡ് ജംഗ്ഷന് സമീപം
കോൺവെന്റ് റോഡ് നെയ്യാറ്റിൻകര
ഫോൺ 8281105686,9446903873


നന്മയുടെയും സ്നേഹത്തിന്റെയും
ശാശ്വത സമാധാനത്തിന്റെയും സന്നിധിയിൽ അക്കു..!



ഒരിക്കലും മരിക്കാത്ത
മറക്കാത്ത അക്കുവിന്റെ ഓർമ്മകൾക്ക് മുന്നിൽ പ്രണാമം

## 8-ാം വാർഷികം

ജൂൺ/21/2025